LIBRARY ARCHIVES Kerala Legislative Assembly

(5) വടക്കാഞ്ചേരി പ്രൈമറി ഹെൽത്ത് സെന്റർ കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററായി ഉയർത്തേണ്ടതിന്റെ ആവശ്യകത

ശ്രീ. സി.കെ. രാജേന്ദ്രൻ : എന്റെ നിയോജകമണ്ഡലത്തിലെ ഒരു പ്രധാനപ്പെട്ട ഹെൽത്ത് സെന്ററാണ് വടക്കാഞ്ചേരിയിൽ പ്രവർത്തിച്ചുവരുന്ന പ്രൈമറി ഹെൽത്ത് സെന്റർ. മൂന്നു ലക്ഷത്തോളം ജനങ്ങളുടെ ആശ്രയ കേന്ദ്രമാണ് ഇത്. പൂർണ്ണമായും കർഷക തൊഴിലാളികളും ചെറുകിട കർഷക രുമാണ് ഇവിടെ വസിക്കുന്നത്. ദാരിദ്ര്യവും പകർച്ചവ്യാധിയും എപ്പോഴും കട ന്നാക്രമിച്ചുകൊണ്ടിരിക്കുന്നു. ഈ പ്രദേശങ്ങളിലെ നിർദ്ധനരായ ജനങ്ങൾക്ക് രോഗം വന്നാൽ അകലെയുള്ള സ്വകാര്യ ആശുപത്രികളെ ആശ്രയിക്കേണ്ടി വരുന്നു. അതുകൊണ്ട് മരണം വരെ സംഭവിക്കുന്ന അനുഭവം വന്നിരിക്കുന്നു. അര നൂറ്റാണ്ടിലേറെ പഴക്കമുള്ളതാണ് ഈ പ്രൈമറി ഹെൽത്ത് സെന്റർ. പി.എച്ച്.സി.യിൽ ഐ.പി. വിഭാഗം പ്രവർത്തിച്ചു വന്നിരുന്നു. ഇപ്പോൾ ഡോക്ടർമാർ ഇല്ലാത്തതിനാലും പാരാമെഡിക്കൽ സ്റ്റാഫിന്റെ അപര്യാപ്തത കൊണ്ടും അതിന് കഴിയുന്നില്ല. ഇപ്പോൾ അവിടെ കൂടുതൽ സൗകര്യങ്ങ ളുള്ള എം.പി. ഫണ്ടിന്റെ കെട്ടിടം പൂർത്തിയായിട്ടുണ്ട്. ബഹുമാനപ്പെട്ട മന്ത്രിക്ക് ഇത് നേരിട്ട് അറിയാവുന്നതാണ്. അദ്ദേഹം കഴിഞ്ഞ ദിവസം അവിടെ സന്ദർശിക്കുകയും ചെയ്തു. ഈ പി.എച്ച്.സി. ഗ്രേഡ് ഉയർത്തി സി.എച്ച്.സി.ആക്കുകയും ആ പ്രദേശത്തെ ജനങ്ങളുടെ ചികിത്സാ സൗകര്യം വർദ്ധിപ്പിക്കുകയും ചെയ്യുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കണമെന്ന് ഞാൻ അഭ്യർത്ഥിക്കുന്നു.

ആരോഗ്യവും സ്പോർട്സും വകുപ്പുമന്ത്രി (ശ്രീ. വി.സി. കബീർ) : തൃശ്ശൂർ എം.എൽ.എ. ശ്രീ. സി.കെ. രാജേന്ദ്രൻ പറഞ്ഞ കാര്യങ്ങൾ എല്ലാം ശരിയാണ്. വളരെ പിന്നോക്കമായ പ്രദേശമാണ് വടക്കാഞ്ചേരി. മലയോരപ്ര ദേശമായ വടക്കാഞ്ചേരിയിൽ കർഷക തൊഴിലാളികളും പട്ടികജാതി പട്ടിക വർഗ്ഗക്കാരും താമസിക്കുന്നു. ബഹുമാനപ്പെട്ട റവന്യൂ വകുപ്പുമന്ത്രിക്കും അതിന്റെ പ്രയാസങ്ങളൊക്കെ അറിയാവുന്നതാണ്. 1951-ൽ മദ്രാസിലെ മേയ റായിരുന്ന ശ്രീ. വി.ആർ രാമനാഥ അയ്യർ കെട്ടിടം പണിത് സംഭാവന ചെയ്ത സ്ഥാപനമാണ് ഈ പ്രാഥമിക ആരോഗ്യ കേന്ദ്രമായി പ്രവർത്തിക്കുന്നത്. വളരെ അത്യാവശ്യമായ ഈ നിർദ്ദേശം ഗവൺമെന്റിന്റെ സജീവ പരിഗണന യിലാണ്. വടക്കാഞ്ചേരി പ്രദേശത്തെ ജനങ്ങൾക്ക് ഇപ്പോൾ ചികിത്സ കിട്ടണ മെങ്കിൽ തൃശ്ശൂരിലോ അല്ലെങ്കിൽ പത്തോ പതിനഞ്ചോ കിലോമീറ്റർ അകലെ യുള്ള ആലത്തൂരിലോ പോകണം. അതുകൊണ്ട് ഈ കമ്മ്യൂണിറ്റി ഹെൽത്ത് സെന്റർ അനുവദിക്കുന്ന കാര്യത്തെ സംബന്ധിച്ച് ഗവൺമെന്റ് സജീവമായി പരിഗണിച്ചുകൊണ്ടിരിക്കുകയാണ്. പ്രത്യേകമായ പരിഗണന ഈ സ്ഥാപന ത്തിന് ലഭിക്കുന്നതായിരിക്കും.

(6) ചെമ്മീനിന് വൈറസ് രോഗം പിടിപെടുന്നതുമൂലം മത്സ്യക്കൃഷിക്കാർ നേരിടുന്ന പ്രതിസന്ധി

ശ്രീ. ഡൊമനിക് പ്രസന്റേഷൻ : വൈറ്റ് സ്പോട്ട് അല്ലെങ്കിൽ വെള്ള പാണ്ട് എന്ന വൈറസ് രോഗം പിടിപെട്ട് എറണാകുളം, ആലപ്പുഴ ജില്ലയിലെ നെൽക്കൃഷിപ്പാടങ്ങളിൽ നടത്തുന്ന ചെമ്മീൻ കൃഷി മുഴുവൻ നശിച്ചുപോയി ക്കൊണ്ടിരിക്കുകയാണ്. പരമ്പരാഗതമായി ചെമ്മീൻക്കൃഷി നടത്തുന്നവരെ യൊക്കെ ബഹുമാനപ്പെട്ട മന്ത്രിയും ഈ ഗവൺമെന്റും കൂടി മുൻകൈയെ

ടുത്ത് ശാസ്ത്രീയ ചെമ്മീൻ കൃഷിയിലേക്ക് കൊണ്ടുവന്നു. ഇന്ന് ഈ അത്യുൽപ്പാദന രീതിയിലുള്ള വിളവെടുക്കുന്നതിനുവേണ്ടി പുതിയ രീതി എടുത്തതുമൂലം വലിയ നഷ്ടം ഉണ്ടായിരിക്കുകയാണ്. മൂന്നു ഹെക്ടർ സ്ഥലത്ത് ചെമ്മീൻ കൃഷി നടത്തണമെങ്കിൽ 11 ലക്ഷത്തോളം രൂപ അടിസ്ഥാന സൗകര്യങ്ങൾക്കായി മുടക്കണം. ഇത് മുഴുവൻ പോയിട്ട് ഒരു ലക്ഷം രൂപ പോലും തിരിച്ചു കിട്ടിയിട്ടില്ല. സർക്കാർ ഈ കർഷകരെ കയ്യൊഴിഞ്ഞിരിക്കുന്നു. ഇപ്പോൾ ഗവൺമെന്റ് ഏജൻസികൾ പറയുന്നത് കേരളത്തിനു പുറത്തു നിന്നും ചെമ്മീൻ കുഞ്ഞുങ്ങളെ കൊണ്ടു വരുന്നതുകൊണ്ടാണ് ഈ അപകടം ഉണ്ടായത് എന്നാണ്. ശാസ്ത്രീയമായി കൃഷി ചെയ്യുമ്പോൾ കർഷകർ പുറമേ നിന്നും വിത്തു കൊണ്ടുവരും. അതുകൊണ്ട് ഈ ശാസ്ത്രീയ രീതി ശരിയല്ലെങ്കിൽ കർഷകരെ പ്രേരിപ്പിക്കരുത്. എന്നുമാത്രമല്ല, ബാങ്കുകളിൽ നിന്നും സഹകരണസ്ഥാപനങ്ങളിൽ നിന്നും ലോൺ എടുത്താണ് ഇത് നടത്തിയിരിക്കുന്നത്. ലക്ഷങ്ങൾ നഷ്ടമായിരിക്കുന്നു. അവർക്ക് വീണ്ടും കൃഷിയിറക്കാൻ നിവൃത്തിയില്ല. അതുകൊണ്ട് ഈ വൈറസ് എന്തുകൊണ്ടാണ് ഉണ്ടാകുന്നതെന്ന് അടിയന്തിരമായി കണ്ടു പിടിക്കുകയും അതിന്റെ പ്രതിവിധിയ്ക്കായി നടപടി സ്വീകരിക്കുകയും വേണം. അതോടൊപ്പം ഈ ചെമ്മീൻ കൃഷിയിൽ നഷ്ടമുണ്ടായ കർഷകരെ സഹായിക്കണമെന്നും ഞാൻ അപേക്ഷിക്കുന്നു.

ഫിഷറീസും സാംസ്കാരിക കാര്യവും വകുപ്പുമന്ത്രി (ശ്രീ. സി.കെ. രാമകൃഷ്ണൻ) : സംസ്ഥാനത്ത് ചെമ്മീൻ കൃഷി 1110 ഹെക്ടർ സ്ഥലത്ത് ശാസ്ത്രീയമായും 12000 ഹെക്ടറോളം വരുന്ന പൊക്കാളി പാടശേഖരങ്ങളിലും നടന്നുവരുന്നു. ഇതിൽ ചെറിയൊരു പ്രദേശത്ത്, അതായത് 182 ഹെക്ടർ ശാസ്ത്രീയ ചെമ്മീൻ കൃഷിയിടങ്ങളിലും 209 ഹെക്ടർ പൊക്കാളി പ്രദേശത്തും 'വൈറ്റ്സ്പോട്ട്' അഥവാ 'വെള്ള കുത്ത്' എന്ന ചെമ്മീൻ രോഗബാധകാണുന്നുണ്ട്. ഇതിൽ ആകെയുള്ള ശാസ്ത്രീയ കൃഷിയിടങ്ങളിൽ 16 ശതമാനവും പൊക്കാളി പാടത്തിന്റെ രണ്ട് ശതമാനവുമാണ്. മുൻ വർഷങ്ങളെ അപേക്ഷിച്ച് കൂടുതൽ സ്ഥലത്ത് ഈ വർഷം ചെമ്മീൻ കൃഷി നടത്തുന്നുണ്ട്. ഒരു ഹെക്ടർ സ്ഥലത്തുനിന്നും രണ്ടര ലക്ഷം രൂപയുടെ വരെ ആദായം കർഷകർക്ക് ലഭിച്ചിരുന്നു. അതിനാൽ ധാരാളം പുതിയ കർഷകർ ഈ രംഗത്തേയ്ക്ക് വന്നിട്ടുണ്ട്. ലാഭേച്ഛ മൂലം ഈ ചെമ്മീൻ കൃഷിക്കാർ രോഗബാധയുള്ള പ്രദേശത്തു നിന്നും വിലകുറഞ്ഞ ചെമ്മീൻ വിത്ത് വാങ്ങി കൂടുതൽ അളവിൽ സ്റ്റോക്ക് ചെയ്യുന്നതാണ് രോഗങ്ങൾ ഉണ്ടാകാൻ കാരണം. ഫിഷറീസ് വകുപ്പിന്റെ കീഴിൽ എല്ലാ പ്രദേശത്തും ഡിസീസ് മോണിറ്ററിംഗ് സെല്ലുകൾ പ്രവർത്തിക്കുന്നതിന്റെ ഫലമായി രോഗബാധ കൂടുതൽ പ്രദേശത്ത് വ്യാപിപ്പിക്കാതെ നിയന്ത്രിക്കാൻ കഴിയും. ഇപ്പോൾ വൈറസ് രോഗം ഏകദേശം നിയന്ത്രണ വിധേയമായിട്ടുണ്ട്. രോഗബാധ ഒഴിവാക്കുന്നതിനായി ചെമ്മീൻ കൃഷിക്കാർക്ക് ബോധവൽക്കരണ ക്ലാസ്സുകൾ, പരിപാടികൾ തുടങ്ങിയവ സംഘടിപ്പിക്കുന്നുണ്ട്. ഫിഷറീസ് വകുപ്പും മത്സ്യഫെഡും നടത്തുന്ന ഫാക്ടറികളിൽ ഉല്പാദിപ്പിക്കുന്ന ചെമ്മീനിൽ രോഗബാധ തീരെയില്ല. കൊച്ചിയിലെ സ്കൂൾ ഓഫ് എൻവയോൺമെന്റ് വൈറസ് രോഗബാധയെക്കുറിച്ചും പ്രതിരോധ പ്രവർത്തനങ്ങളെക്കുറിച്ചും നിരീക്ഷണങ്ങൾ നടത്തുന്നുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly